## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2756 19.06.2014 -ലെ മറുപടിയ്ക്ക്

## യു.ജി.സി മാനദണ്ഡം പാലിക്കാതെയുള്ള നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. പി.കെ. അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകളില്ലാത്തവരെ വൈസ്ചാൻസലറായി നിയമിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | കേരളത്തിലെ സർവ്വകലാശാലകളിലെ ആക്ടുകളിലും സ്റ്റാറ്റ്യൂട്ടുകളിലും വൈസ് ചാൻസലറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത സംബന്ധിച്ച് ഒരു ചട്ടവും നിലവിലില്ല. യു.ജി.സി. പുറപ്പെടുവിക്കുന്ന റെഗുലേഷൻസ് ശുപാർശ സ്വഭാവത്തോടുകൂടിയതാണ്. ആയത് സർവ്വകലാശാല നിയമങ്ങളിൽ ഭേദഗതി വരുത്തിയെങ്കിൽ മാത്രമേ നിയമപരമായി പാലിക്കുവാൻ കഴിയുകയുള്ളു. സർവ്വകലാശാല സ്വയംഭരണ സ്ഥാപനങ്ങളാണ്. അതാത് സർവ്വകലാശാല ആക്ടുകൾക്കും സ്റ്റാറ്റ്യൂട്ടുകൾക്കും വിധേയമായാണ് സർവ്വകലാശാലകൾ പ്രവർത്തിക്കുന്നത്. |
| (ബി) | വൈസ് ചാൻസലർ നിയമനത്തിനായി സംസ്ഥാനത്തെ ഒരു സർവ്വകലാശാലയിൽ സമർപ്പിച്ച പി.എച്ച്.ഡി., യോഗ്യത ക്രമക്കേടിലൂടെയാണ് സമ്പാദിച്ചതെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാശങ്ങൾ അറിയിക്കുമോ; | (ബി) & (സി) | ഇതു സംബന്ധിച്ച പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാലും ഔദ്യോഗികമായി പരാതികളോ, നിവേദനങ്ങളോ, ഒന്നും തന്നെ നാളിതുവരെ സർക്കാരിന് ലഭ്യമായിട്ടില്ല. മാത്രവുമല്ല സർവ്വകലാശാലകളിലെ വൈസ് ചാൻസലറുടെ നിയമനം നടത്തുന്നത് ചാൻസലർ കൂടിയായ ബഹു. ഗവർണറാണ്. സർവ്വകലാശാലകളിലെ വൈസ് ചാൻസലറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നടപടികൾ സ്വീകരിക്കേണ്ടതും അദ്ദേഹമാണ്. |
| (സി) | പ്രസ്തുത നടപടിയിൻമേൽ എന്തെങ്കിലും തരത്തിലുള്ള അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ